# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
### (ഹാജർ: കെ.ബിജു. ഐ.എ.എസ്)

**നമ്പർ.എ6/18478/2011.** **തിയതി:** 29.05.2012.

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - പ്രിൻസിപ്പാൾ ക്ലാസ്സ്-2/വൈസ് പ്രിൻസിപ്പാൾ/ട്രെയിനിംഗ് ആഫീസർ തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ച് പ്രഖ്യാപിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച് -

പരാമർശം:-
1. സ.ഉ.(പി) നമ്പർ.214 തീയതി 30.05.1966.
2. സ.ഉ.(പി) നം. 5/2006/പി&എ.ആർ.ഡി. തീയതി 22.02.2006.
3. സ.ഉ.(പി) നമ്പർ.42/2010/പി&എ.ആർ.ഡി തീയതി 20.12.2010.
4. ട്രെയിനിംഗ് ഡയറക്ടറുടെ 14.06.2010-ലെ എ6/6911/10 -ാം നമ്പർ ഉത്തരവ്.
5. അക്കൗണ്ടന്റ് ജനറലിന്റെ 23.01.2012-ലെ ജിഇ ...ഡി/ഐ.ടി.ഐ./10398-ാം നമ്പർ കത്ത്.

പരാമർശം (1) പ്രകാരം, ഈ വകുപ്പിൽ തസ്തിക മാറ്റം വഴി പ്രിൻസിപ്പാൾ ക്ലാസ്സ്-2/വൈസ് പ്രിൻസിപ്പാൾ/ട്രെയിനിംഗ് ആഫീസർ/ട്രേഡ് ടെസ്റ്റ് ആഫീസർ ആയി നിയമിതരാകുന്ന ജീവനക്കാരുടെ പരിവീക്ഷ കാലയളവ് മൂന്നു വർഷത്തെ സേവനത്തിനിടയിൽ രണ്ടു വർഷത്തെ ഡ്യൂട്ടിയായിരുന്നു. എന്നാൽ പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം ഈ കാലയളവ് 2 വർഷത്തെ സേവനത്തിനുള്ളിൽ ഒരു വർഷത്തെ ഡ്യൂട്ടിയായി നിഷ്കർഷിച്ചിരുന്നു. മൂന്നാം പരാമർശ പ്രകാരം 01.04.2010-നോ ആയതിനുശേഷമോ സ്റ്റേറ്റ് സർവ്വീസിലെ സെലക്ഷൻ പോസ്റ്റിലേയ്ക്ക് ഉദ്യോഗക്കയറ്റം മുഖേനയോ തസ്തികമാറ്റം മുഖേനയോ നിയമിതരാകുന്ന ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ കാലയളവ് ഒരു വർഷത്തെ സേവനത്തിനുള്ളിൽ ആറു മാസത്തെ ഡ്യൂട്ടിയായി നിജപ്പെടുത്തുകയുണ്ടായി.

ട്രെയിനിംഗ് ഡയറക്ടറുടെ 14.06.2010-ലെ എ6/6911/2010-ാം നമ്പർ ഉത്തരവ് പ്രകാരം, ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ജൂനിയർ അപ്രന്റീസ്ഷിപ്പ് അഡ്വൈസർ (ടെക്.)/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം വഴി വൈസ് പ്രിൻസിപ്പാൾ/പ്രിൻസിപ്പാൾ ക്ലാസ്സ്-2/ട്രെയിനിംഗ് ആഫീസർമാരായി നിയമിതരായ ചുവടെ ചേർക്കുന്ന

ജീവനക്കാരുടെ പ്രൊബേഷൻ കാലയളവിലെ സേവന വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | കാറ്റഗറി | ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|---|
| 1. | എ.പി.സേവ്യർ | പ്രിൻസിപ്പാൾ ക്ലാസ്സ്-2 | 24.06.2010 എഫ്.എൻ |
| 2. | കെ.ബി.പ്രദീപ് കുമാർ | വൈസ് പ്രിൻസിപ്പാൾ | 16.06.2010 എഫ്.എൻ |
| 3. | ഷമ്മി ബക്കർ | വൈസ് പ്രിൻസിപ്പാൾ | 17.06.2010 എഫ്.എൻ |
| 4. | കെ.ജി.രാധാകൃഷ്ണ പിള്ള | വൈസ് പ്രിൻസിപ്പാൾ | 24.06.2010 എഫ്.എൻ |
| 5. | കെ.കുട്ടികൃഷ്ണൻ | ട്രെയിനിംഗ് ആഫീസർ | 19.06.2010 എഫ്.എൻ |
| 6. | റ്റി.പി.ജയദേവ ശർമ്മ | പ്രിൻസിപ്പാൾ ക്ലാസ്സ്-2 | 23.06.2010 എഫ്.എൻ |
| 7. | കെ.രാമചന്ദ്രൻ | പ്രിൻസിപ്പാൾ ക്ലാസ്സ്-2 | 21.06.2010 എഫ്.എൻ |
| 8. | വി.വരദരാജൻ | വൈസ് പ്രിൻസിപ്പാൾ | 17.06.2010 എഫ്.എൻ |
| 9. | എ.രാമകൃഷ്ണൻ | പ്രിൻസിപ്പാൾ ക്ലാസ്സ്-2 | 17.06.2010 എഫ്.എൻ |

ഈ ഉദ്യോഗസ്ഥർ, ടി തസ്തികയിൽ, സേവനത്തിൽ പ്രവേശിച്ച തീയതി മുതൽ, ഇവർക്ക് അനുവദിച്ചിട്ടുള്ള അവധിയുടെ വിശദാംശങ്ങൾ പരാമർശം (5) പ്രകാരം അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടുണ്ട്. 1966-ലെ കേരളാ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സർവ്വീസ് റൂളിലെ 6-ാം ചട്ടപ്രകാരം, ഈ തസ്തികയിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ പ്രൊബേഷൻ കാലയളവിനുള്ളിൽ എക്സിക്യൂട്ടീവ് ആഫീസർമാർക്കുള്ള അക്കൗണ്ട്സ് ടെസ്റ്റ് പാസ്സായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രൊബേഷൻ പ്രഖ്യാപിക്കപ്പെടേണ്ട ഉദ്യോഗസ്ഥരിൽ ടെസ്റ്റ് യോഗ്യത നേടിയ ഉദ്യോഗസ്ഥർ ടെസ്റ്റ് യോഗ്യത നേടിയ തീയതിയും, പ്രൊബേഷൻ കാലയളവിലെ അവധി വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | പ്രൊബേഷൻ കാലയളവിലെ ലീവ് വിവരം | പ്രൊബേഷൻ നീളുന്ന ദിവസം | എക്സിക്യൂട്ടീവ് ടെസ്റ്റ് പാസ്സായ വർഷം |
|---|---|---|---|---|
| 1. | ഷമ്മി ബക്കർ | ഇല്ല | ഇല്ല | 1/2009 |
| 2. | റ്റി.പി.ജയദേവ ശർമ്മ | ഇല്ല | ഇല്ല | 1/2010 |
| 3. | എ. രാമകൃഷ്ണൻ | ഇല്ല | ഇല്ല | 1/2009 |
| 4. | വി.വരദരാജൻ | ഇല്ല | ഇല്ല | 1/2010, 1/2011 |
| 5. | കെ.രാമചന്ദ്രൻ | ഇല്ല | ഇല്ല | 1/2010 |

26.08.81–ലെ ജി.ഒ.(എം.എസ്) 282/81/ജി.എ.ഡി നമ്പർ ഉത്തരവ് ഭേദഗതി ചെയ്യപ്പെട്ട പ്രകാരം, കെ.എസ് & എസ്.എസ്. ആർ. രണ്ടാം ഭാഗത്തിലെ 13(ബി) വ്യവസ്ഥ പ്രകാരം 50 വയസ്സ് പൂർത്തിയായ ജീവനക്കാരെ ഒബ്ലിഗേറ്ററി ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ പാസ്സാകുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ട്. ടി ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | പ്രൊബേഷൻ കാലയളവിലെ ലീവ് വിവരം | ജനന തീയതി |
|---|---|---|---|
| 1. | കെ.കുട്ടികൃഷ്ണൻ | ഇല്ല | 14.05.1960 |
| 2. | കെ.ബി.പ്രദീപ് കുമാർ | ഇല്ല | 23.01.1960 |
| 3. | എ.പി.സേവ്യർ | ഇല്ല | 13.08.1958 |
| 4. | കെ.ജി.രാധാകൃഷ്ണ പിള്ള | ഇല്ല | 04.05.1955 |

ടെസ്റ്റ് യോഗ്യത നേടിയ ഉദ്യോഗസ്ഥരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആരുംതന്നെ പ്രൊബേഷനെ ബാധിക്കുന്ന ലീവുകൾ എടുത്തിട്ടില്ല. എന്നാൽ ക്രമ നമ്പർ. (4) ശ്രീ. വി.വരദരാജൻ 1/2011–ൽ മാത്രമാണ് യോഗ്യത ടെസ്റ്റ് പാസ്സായിട്ടുള്ളത്. ആയതിനാൽ ടിയാന്റെ പ്രൊബേഷൻ ടി വർഷത്തെ ടെസ്റ്റ് (1/2011) അവസാനിക്കുന്ന തീയതിയായ 05.01.2011–ന്റെ അടുത്ത ദിവസം ആയ 06.01.2011–ൽ മാത്രമെ പൂർത്തീകരിച്ചു നൽകുവാൻ കഴിയുകയുള്ളു.

50 വയസ്സ് പൂർത്തിയാക്കിയതിനാൽ ഒബ്ലിഗേറ്ററി ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കിയിട്ടുള്ള ജീവനക്കാരുടെ പട്ടികയിലെ ആരും തന്നെ പ്രൊബേഷനെ ബാധിക്കുന്ന ലീവുകൾ എടുത്തിട്ടില്ല.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന വൈസ് പ്രിൻസിപ്പാൾ/പ്രിൻസിപ്പാൾ ക്ലാസ്സ്–2/ട്രെയിനിംഗ് ആഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന തീയതികളിൽ അവരുടെ പ്രിൻസിപ്പാൾ ക്ലാസ്സ്–2/വൈസ്പ്രിൻസിപ്പാൾ/ട്രെയിനിംഗ് ആഫീസർ തസ്തികയിലെ പരിവീക്ഷാ കാലം പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചുത്തരവാകുന്നു.

| ക്രമ നം | ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | പ്രൊബേഷൻ പൂർത്തിയാക്കിയ തീയതി |
|---|---|---|---|
| 1. | എ.പി.സേവ്യർ | ട്രെയിനിംഗ് ആഫീസർ | 24.12.2010 എഫ്.എൻ |
| 2. | കെ.ബി.പ്രദീപ് കുമാർ | പ്രിൻസിപ്പാൾ ക്ലാസ്സ്–2 | 16.12.2010 എഫ്.എൻ |
| 3. | ഷമ്മി ബക്കർ | വൈസ് പ്രിൻസിപ്പാൾ | 17.12.2010 എഫ്.എൻ |

| | | | |
|---|---|---|---|
| 4. | കെ.ജി.രാധാകൃഷ്ണ പിളള | വൈസ് പ്രിൻസിപ്പാൾ | 24.12.2010 എഫ്.എൻ |
| 5. | കെ.കുട്ടികൃഷ്ണൻ | ട്രെയിനിംഗ് ആഫീസർ | 19.12.2010 എഫ്.എൻ |
| 6. | റ്റി.പി.ജയദേവ ശർമ്മ | പ്രിൻസിപ്പാൾ ക്ലാസ്സ്-2 | 23.12.2010 എഫ്.എൻ |
| 7. | കെ.രാമചന്ദ്രൻ | പ്രിൻസിപ്പാൾ ക്ലാസ്സ്-2 | 21.12.2010 എഫ്.എൻ |
| 8. | വി.വരദരാജൻ | വൈസ് പ്രിൻസിപ്പാൾ | 06.01.2011 എഫ്.എൻ |
| 9. | എ.രാമകൃഷ്ണൻ | പ്രിൻസിപ്പാൾ ക്ലാസ്സ്-2 | 17.12.2010 എഫ്.എൻ |

ഒപ്പ്

**ട്രെയിനിംഗ് ഡയറക്ടർ**

**സ്വീകർത്താവ്:-**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്.

**പകർപ്പ്:-**

1. അക്കൗണ്ടന്റ് ജനറൽ (ആമുഖ കത്ത് സഹിതം)
2. ഡി.റ്റി.യുടെ സി.എ.
3. എസ്.എസ് (എ)
4. കരുതൽ ഫയൽ.(ഐ6)

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്

ഡി/01.06.